"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നവകേരളത്തിന് ജനകീയാസൂത്രണം - തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2025-26 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(കൈ) നം.164/2024/LSGD തീയതി,തിരുവനന്തപുരം, 25-11-2024

---

പരാമർശം:-
1. സ.ഉ.(കൈ)നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ)നം.86/2022/ തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ)നം.115/2022/ തസ്വഭവ; തീയതി 28.05.2022
4. സ.ഉ.(കൈ)നം.198/2023/ തസ്വഭവ; തീയതി 13.11.2023

**ഉത്തരവ്**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2025-26ലെ വാർഷിക പദ്ധതിക്ക് രൂപം നൽകുന്ന പ്രവർത്തനങ്ങൾ ആരംഭിക്കാൻ സമയമായിരിക്കുകയാണ്. 2025 നവംബറിൽ നിലവിലുള്ള ഭരണ സമിതിയുടെ കാലാവധി അവസാനിക്കും. അതിനാൽ കാലേകൂട്ടിതന്നെ വികസന പദ്ധതികൾക്ക് രൂപം നൽകിയെങ്കിൽ മാത്രമേ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ നിർവ്വഹണം ആരംഭിക്കാനും തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ തുടങ്ങുന്നതിനു മുമ്പ് നിർവ്വഹണം പൂർത്തിയാക്കാനും കഴിയുകയുള്ളൂ. മാത്രമല്ല, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗത്തിന് ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ 2025 ജനുവരിയിൽ തന്നെ *ഇ-ഗ്രാംസ്വരാജ്* പോർട്ടലിൽ അപ്-ലോഡ് ചെയ്യണമെന്ന് കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം നിർദ്ദേശിച്ചിരിക്കുകയുമാണ്. ഈ സാഹചര്യത്തിൽ 2025 ജനുവരിയിൽ പദ്ധതി രൂപീകരണം പൂർത്തിയാക്കി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടാൻ കഴിയുന്ന രൂപത്തിലുള്ള സമയക്രമമാണ് നിർദ്ദേശിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾ 2025-26 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിന് ഈ ഉത്തരവിന്റെ അനുബന്ധമായി നൽകിയിരിക്കുന്ന മാർഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ, റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
12. ചീഫ് ടൗൺ പ്ലാനർ, തദ്ദേശ സ്വയംഭരണ വകുപ്പ്
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാ കളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
18. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
19. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
20. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
21. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
22. ഡയറക്ടർ ജനറൽ, കില
23. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
24. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
25. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
26. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
27. തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ.എം.) വകുപ്പ്
28. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 26-11-2024 10:50:30

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

അനുബന്ധം

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2025-26 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

### 1. ആമുഖം

1.1 എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 2025-26 വാർഷിക പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ഉടൻ തന്നെ ആരംഭിക്കേണ്ടതാണ്. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ സ.ഉ.(കൈ)നം.84/2022/തസ്വഭവ; തീയതി 19.04.2022 പ്രകാരമുള്ള മാർഗരേഖയും നഗരഭരണ സ്ഥാപനങ്ങൾ സ.ഉ.(കൈ)നം.86/2022/തസ്വഭവ; തീയതി 19.04.2022 പ്രകാരമുള്ള മാർഗരേഖയും അവലംബിച്ച് വേണം അടുത്ത വർഷത്തെ പദ്ധതി തയ്യാറാക്കേണ്ടത്. സബ്സിഡി സംബന്ധമായ മാനദണ്ഡങ്ങൾക്ക് സ.ഉ.(കൈ)നം.115/2022/ തസ്വഭവ; തീയതി 28.05.2022 പ്രകാരമുള്ള മാർഗരേഖ എല്ലാ തലത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കും. പദ്ധതി രൂപീകരണ മാർഗരേഖകൾക്കും സബ്സിഡി മാർഗരേഖയ്ക്കും പിന്നീട് നൽകിയിട്ടുള്ള വിശദീകരണങ്ങളും ഭേദഗതികളും കൂട്ടിച്ചേർക്കലുകളും കൂടി കണക്കിലെടുത്തു കൊണ്ട് പദ്ധതി തയ്യാറാക്കേണ്ടതാണ്.

1.2 പതിനാലാം പഞ്ചവൽസര പദ്ധതിക്ക് നിശ്ചയിച്ചിട്ടുള്ള പൊതുലക്ഷ്യങ്ങൾ, സവിശേഷ വികസന ലക്ഷ്യങ്ങൾ, പൊതു മുൻഗണനകൾ എന്നിവ കണക്കിലെടുത്ത് പ്രാദേശിക തലത്തിൽ പഞ്ചവൽസര പദ്ധതിക്കാലയളവിലേയ്ക്ക് നിശ്ചയിച്ചിട്ടുള്ള ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാകണം പ്രോജക്ടുകളായി രൂപം നല്കേണ്ടത്. ജില്ലാ ആസൂത്രണ സമിതികൾ ജില്ലകളുടെ സവിശേഷമായ പ്രത്യേകതകൾ പരിഗണിച്ച് നൽകുന്ന ജില്ലാതല മുൻഗണനകൾ കൂടി കണക്കിലെടുത്ത് വേണം പ്രോജക്ടുകൾക്ക് രൂപം നല്കേണ്ടത്.

### 2. മുൻഗണനാ മേഖലകൾ/പ്രോജക്ടുകൾ

2.1 നിലവിലുള്ള ഭരണസമിതികളുടെ കാലയളവിലെ അവസാന വാർഷിക പദ്ധതിയാണിത്. അതുകൊണ്ടുതന്നെ തുടങ്ങിവച്ച വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനായിരിക്കണം ആദ്യ പരിഗണന നല്കേണ്ടത്. പുതിയ പ്രോജക്ടുകളുടെ കാര്യത്തിൽ ഏറ്റവും അവശ്യം വേണ്ടതും കൂടുതൽ ഫലപ്രാപ്തിയുള്ളതും 2025 നവംബറിന് മുൻപ് പൂർത്തിയാക്കാൻ കഴിയുന്നതുമായ പ്രോജക്ടുകൾക്കായിരിക്കണം മുൻഗണന നല്കേണ്ടത്. ശുചിത്വ-മാലിന്യ സംസ്കരണം, കുടിവെള്ളം തുടങ്ങിയ മേഖലകൾ ഒഴികെ മറ്റ് മേഖലകളിൽ പുതിയ ബഹുവർഷ പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല.

2.2 മുൻനിര പരിപാടികളിൽ പ്രധാനപ്പെട്ട അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിന് അടുത്ത വാർഷിക പദ്ധതിയിൽ ഏറ്റവും ഉയർന്ന മുൻഗണന നൽകണം. 2025 നവംബർ 1 ന് കേരളം അദിദാരിദ്ര്യ മുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. അതിനാൽ അതിദാരിദ്ര്യത്തിൽ നിന്നുമുള്ള പൂർണമോചനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ വേണം പ്രവർത്തനങ്ങൾക്ക് രൂപം നല്കേണ്ടത്. അതിജീവന ആവശ്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യ പരിരക്ഷ, വികസന ആവശ്യങ്ങൾ തുടങ്ങി വിവിധ ഘടകങ്ങൾ ഉൾക്കൊള്ളിച്ച് അതിദാരിദ്ര്യം പരിഹരിക്കുന്നതിനായി തയ്യാറാക്കിയ മൈക്രോ പ്ലാനുകളെ അടിസ്ഥാനമാക്കി നിർവഹണ പ്രോജക്ടുകൾക്ക് രൂപം നല്കേണ്ടതും മതിയായ വിഹിതം വകയിരുത്തി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്. വീട് വയ്ക്കുന്നതിന്

സ്വന്തമായി ഭൂമിയില്ലാത്ത അതിദരിദ്രർക്ക് ഭൂമി വാങ്ങി നൽകുന്ന പ്രോജക്ടുകളും മൈക്രോ പ്ലാനിൽ ഉൾപ്പെട്ട ഭവന രഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് വീട് ലഭ്യമാകുന്നതുവരെ താമസസൗകര്യം ഒരുക്കുന്നതിനായി വാടകയ്ക്ക് എടുക്കുന്ന വീടുകളുടെ/കെട്ടിടങ്ങളുടെ വാടക സ.ഉ.(സാധാ)നം. 1636/2024/തസ്വഭവ; തീയതി 06.09.2024ലെ നിബന്ധനകൾക്ക് വിധേയമായി നല്കുന്നതിനുള്ള പ്രോജക്ടുകളും അതിദരിദ്രരുടെ വീട് പുനരുദ്ധാരണത്തിന് 2.00 ലക്ഷം രൂപ വരെ ധനസഹായം ലഭ്യമാക്കുന്നതിന് സ.ഉ.(സാധാ)നം.1677/2024/തസ്വഭവ; തീയതി 10.09.2024 പ്രകാരം അനുമതി നല്കിയ സാഹചര്യത്തിൽ ഇതിനുള്ള പ്രോജക്ടുകളും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഗ്രാമ പ്രദേശങ്ങളിൽ ഗ്രാമ പഞ്ചായത്തുകൾ തയ്യാറാക്കിയ മൈക്രോ പ്ലാനുകൾക്ക് വിഹിതം നല്കുന്നതിനുള്ള പ്രോജക്ടുകൾ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണം. അതിദാരിദ്ര്യ അവസ്ഥയിൽ നിന്നും ഇപ്പോൾ മോചിപ്പിക്കപ്പെടുന്നവർ വീണ്ടും അതിദാരിദ്ര്യ അവസ്ഥയിലേക്ക് തിരികെ പോകാതിരിക്കാനും അതിദാരിദ്ര്യത്തിൽ നിന്നുള്ള മോചനം സുസ്ഥിരമാക്കുന്നതിനും ഉള്ള പ്രോജക്ടുകൾ കൂടി വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കേണ്ടതാണ്.

2.3 പ്രാദേശിക സാമ്പത്തിക വികസനവും തൊഴിലവസരങ്ങളുടെ സൃഷ്ടിയും പതിനാലാം പഞ്ചവൽസര പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളിൽ പരമപ്രധാനമാണ്. പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ, ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനുള്ള മാർഗരേഖ സ.ഉ.(കൈ)നം.3/2023/ തസ്വഭവ; തീയതി 04.01.2023 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ പ്രതിപാദിക്കുന്ന സംഘടനാ സംവിധാനങ്ങൾക്ക് രൂപം നല്കി സ്വയം തൊഴിൽ സംരംഭങ്ങളും തൊഴിൽദായക സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നിർബന്ധമായും ആവിഷ്കരിക്കുകയും ഇതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുകയും ചെയ്യേണ്ടതാണ്. അതോടൊപ്പം തൊഴിലന്വേഷകരെ തൊഴിലും വരുമാനവും നേടാൻ പ്രാപ്തരാക്കുന്ന നൈപുണ്യ വികസന പരിശീലന പരിപാടികളും 2025-26 വാർഷിക പദ്ധതിയിൽ ഏറ്റെടുക്കേണ്ടതാണ്. 'എന്റെ തൊഴിൽ എന്റെ അഭിമാനം' പദ്ധതിയുടെ തുടർച്ചയായുള്ള തൊഴിൽ ലഭ്യമാക്കൽ, സംരംഭക പ്രവർത്തനങ്ങൾ എന്നിവയ്ക്കുള്ള പ്രോജക്ടുകളും വിജ്ഞാന സമ്പദ് വ്യവസ്ഥ പ്രാദേശികമായി വികസിപ്പിക്കുന്നതിനുള്ള പ്രോജക്ടുകളും ഏറ്റെടുക്കേണ്ടതാണ്. 'വിജ്ഞാന പത്തനംതിട്ട' പദ്ധതിയുടെ മാതൃകയിൽ വിപുലമായ ജനകീയ പരിപാടിയായി മാറ്റിയെടുക്കണം.

2.4 പ്രാഥമിക ഉല്പാദന മേഖലകളായ കൃഷി, മൃഗ സംരക്ഷണം, മത്സ്യബന്ധനം, ക്ഷീര വികസനം തുടങ്ങിയ മേഖലകളിലെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വിവിധ വിളകളുടെയും മറ്റ സംരംഭങ്ങളുടെയും വിസ്തൃതിയും ഉല്പാദനക്ഷമതയും പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് വാർഷിക പദ്ധതിയിൽ മുൻഗണന നല്കണം. ഭക്ഷ്യ ധാന്യങ്ങളുടെ ഉല്പാദനം പരമാവധി വർദ്ധിപ്പിക്കാനും പച്ചക്കറി, മുട്ട എന്നിവയുടെ ഉൽപാദനത്തിൽ സ്വയം പര്യാപ്തത നേടാനും പാൽ ഉൽപാദനത്തിൽ മിച്ചോൽപാദനം കൈവരിക്കാനും ഉതകുന്ന പ്രോജക്ടുകൾ ഏറ്റെടുക്കണം. കടൽ-ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കാനുള്ള പ്രോജക്ടുകൾക്കും മുൻഗണന നൽകണം. കുടുംബശ്രീ ഗ്രൂപ്പുകളെയും ഭൂമി കൈവശമുള്ള ഉടമകളെയും ചേർത്തുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുൻകൈയ്യിൽ കാർഷിക/കാർഷികാനുബന്ധ പ്രവർത്തനങ്ങൾക്ക് രൂപം നൽകേണ്ടതാണ്. കൃഷി ചെയ്യാൻ താല്പര്യമുള്ള കർഷകർ, കർഷക കൂട്ടായ്മകൾ, പാടശേഖരസമിതികൾ, സ്വയം സഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ, ചാരിറ്റബിൾ സംഘങ്ങൾ എന്നിവയെയും ഈ

യജ്ഞത്തിൽ പങ്കാളികളാക്കാം. ഇതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

(1) സർക്കാർ വകുപ്പുകളുടെയും സംഘടനകളുടെയും സ്വകാര്യ വ്യക്തികളുടെയും ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ഇതിനായി പരിഗണിക്കാവുന്നതാണ്.

(2) ഉടമ നേരിട്ട് കൃഷി ചെയ്യാൻ തയ്യാറാകുന്നതിന് പ്രേരിപ്പിക്കണം. അതിന് സന്നദ്ധമല്ലെങ്കിൽ ഭൂമിയുടെ ഉടമസ്ഥാവകാശത്തിന്റെ സുരക്ഷ ഉടമയെ ബോധ്യപ്പെടുത്തി തദ്ദേശഭരണസ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൃഷി ചെയ്യുന്ന കർഷകന് (ഗ്രൂപ്പിന്) കൈമാറേണ്ടതാണ്.

(3) സാധ്യമായ ഇടത്തെല്ലാം കൃഷി, കാലി വളർത്തൽ, കോഴി വളർത്തൽ, മത്സ്യകൃഷി എന്നിവ ചേർത്തുള്ള സംയോജിത കൃഷി രീതി അവലംബിക്കാൻ കർഷകരെയും ഗ്രൂപ്പുകളെയും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

(4) പ്രാദേശിക കാർഷിക ഉത്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കേണ്ടതാണ്. കമ്യൂണിറ്റി ലെവൽ കോമൺ ഫെസിലിറ്റി കേന്ദ്രങ്ങൾ, ഇൻകുബേഷൻ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനും മുൻകൈ എടുക്കേണ്ടതാണ്.

(5) തരിശുഭൂമി കൃഷി യോഗ്യമാക്കൽ ഉൾപ്പടെയുള്ള വികസന പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും അയ്യങ്കാളി നഗരതൊഴിൽ സൃഷ്ടിക്കൽ പദ്ധതിയുടെയും ഭാഗമായി നടപ്പാക്കുന്നതിന് ശ്രമിക്കണം.

(6) കാർഷിക അനുബന്ധമേഖലകളിലെ പ്രവർത്തനങ്ങൾക്ക് ഉത്പാദനോപാധികൾ, മറ്റ് സഹായങ്ങൾ, സബ്സിഡി എന്നിവ വകുപ്പ് പരിപാടികളുടെയും തദ്ദേശഭരണ സ്ഥാപങ്ങൾ നടപ്പാക്കുന്ന പ്രോജക്ടുകളുടെയും ഭാഗമായി കർഷകർക്ക്/ഗ്രൂപ്പുകൾക്ക് നൽകാവുന്നതാണ്.

2.5 തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് 2025-26 വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകേണ്ടതാണ്. നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണി, നിലവിലുള്ള റോഡുകളുടെ നിലവാരം വർദ്ധിപ്പിക്കൽ, പുതിയ റോഡുകളുടെ നിർമ്മണം എന്നിവ ഏറ്റെടുക്കണം. ഇതിനായി വികസന ഫണ്ടും റോഡ് മെയിന്റനൻസ് ഫണ്ടും ഫലപ്രദമായി ഉപയോഗിക്കണം. ഈടുറ്റതും ഗുണമേന്മ ഉള്ളതുമായ റോഡുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി ഓരോ തദ്ദേശഭരണ സ്ഥാപനവും ഒരു നിശ്ചിത എണ്ണം റോഡുകൾ അഞ്ച് വർഷ ഗ്യാരണ്ടിയോടു കൂടി നിർമ്മിക്കുന്നത് പരിഗണിക്കണം.

2.6 നീർത്തടവികസനം, പ്രളയനിവാരണം, വരൾച്ചാ പ്രതിരോധം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി സമഗ്ര ജലവിഭവ പരിപാലനത്തിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്. ഉല്പാദന മേഖലയിൽ, പ്രളയസാധ്യത ഒഴിവാക്കാൻ കഴിയുന്നവിധം നീർത്തട വികസനം, ജലസ്രോതസുകളുടെ സംരക്ഷണവും പുനരുദ്ധാരണവും, തോട് നിർമ്മാണവും അറ്റകുറ്റപ്പണികളും, ചെക്ക്ഡാം, നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ ഏറ്റെടുക്കണം. പ്രളയസാധ്യത മുന്നിൽ കണ്ടുകൊണ്ട് പാടശേഖരങ്ങൾ സംരക്ഷിക്കാനുള്ള ബണ്ട് നിർമ്മാണം, ജലനിർഗ്ഗമന മാർഗ്ഗങ്ങളുടെ നിർമ്മാണവും സംരക്ഷണവും എന്നിവ ഇതിൽ ഉൾപ്പെടുത്താം. മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ഇത്തരം പ്രവർത്തനങ്ങളുമായി സംയോജിപ്പാക്കാവുന്നതാണ്.

2.7 കാലാവസ്ഥാ വ്യതിയാനം മൂലം കേരളത്തിൽ അടിക്കടി ഉണ്ടാകുന്ന വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കടലാക്രമണം മൂലമുള്ള തീരശോഷണം, വരൾച്ച തുടങ്ങിയവയെ പ്രതിരോധിക്കുന്നതിനും അതുമൂലമുള്ള ദുരന്തങ്ങൾ ലഘൂകരിക്കുന്നതിനും പ്രാദേശിക തലത്തിൽ കർമ്മപദ്ധതി (Local Action Plan on Climate Change) തയ്യാറാക്കേണ്ടതും അതിന് അനുസൃതമായി പ്രോജക്ടുകൾക്ക് രൂപം നല്കി ഘട്ടം ഘട്ടമായി നടപ്പാക്കേണ്ടതുമാണ്.

2.8 ലൈഫ് പ്രോജക്ട്, അനിമൽ ബർത്ത് കൺട്രോൾ (ABC) പ്രോഗ്രാം നടപ്പാക്കുന്നതിനും തെരുവുനായ ശല്യം പരിഹരിക്കുന്നതിനുമുള്ള പ്രോജക്ടുകൾ, പരമ്പരാഗത തെരുവ് വിളക്കുകൾ മാറ്റി എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ എന്നിവയ്ക്കും 2025-26 വാർഷിക പദ്ധതിയിൽ പ്രാമുഖ്യം നല്കേണ്ടതാണ്.

2.9 അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണം. എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാണെന്ന് ഉറപ്പാക്കണം. അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തേണ്ടതാണ്.

2.10 പൊതു വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന് സ്മാർട് ക്ലാസുകൾ ഉൾപ്പെടെയുള്ള സാങ്കേതിക സൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്തുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

2.11 പട്ടികജാതി/പട്ടികവർഗ വിഭാഗക്കാർക്കുള്ള വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, വിദേശ തൊഴിൽ സഹായം, തുടങ്ങിയവയ്ക്കുള്ള അപേക്ഷകളിലെ കുടിശികകൾ തീർക്കുന്നതിനുള്ള പ്രോജക്ടുകൾക്കും പട്ടികജാതി/പട്ടികവർഗ വിഭാഗക്കാർ അധിവസിക്കുന്ന ഉന്നതികളിലെ സമഗ്ര ആവാസ വികസനത്തിനുള്ള പ്രോജക്ടുകൾക്കും മുൻഗണന നല്കി പട്ടികജാതി/പട്ടികവർഗ്ഗ ഉപപദ്ധതികളുടെ ഭാഗമാക്കേണ്ടതാണ്.

2.12 പൊതു ഉപയോഗത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ സൃഷ്ടിക്കുന്ന എല്ലാ നിർമ്മിതികളും ഭിന്നശേഷി സൗഹൃദവും വയോജന സൗഹൃദവുമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**2.13 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും**

2.13.1 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകാവുന്ന സ്കോളർഷിപ്പിന്റെയും ബത്തയുടെയും വിശദാംശങ്ങൾ സ.ഉ.(കൈ)നം.115/2022/ തസ്വഭവ; തീയതി 28.05.2022 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 7.1.6 ൽ വ്യക്തമാക്കിയിട്ടുണ്ട്. പലയിടത്തും ഭാഗികമായാണ് സഹായം നൽകുന്നത്. മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ സ്കോളർഷിപ്പും ബത്തയും പൂർണ്ണമായും ലഭ്യമാക്കേണ്ടതാണ്.

2.13.2 ഗ്രാമപ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമായി വിഹിതം കണ്ടെത്തുന്നതിന് കഴിയുന്നില്ലെങ്കിൽ സ.ഉ.(കൈ)നം.84/2022/തസ്വഭവ; തീയതി 19.04.2022, സ.ഉ.(കൈ)നം.86/ 2022/തസ്വഭവ; തീയതി 19.04.2022 എന്നീ ഉത്തരവുകളുടെ ഖണ്ഡിക 6.4(ബി)(2) ൽ വ്യക്തമാക്കിയിട്ടുള്ളതു പോലെ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 60:30:10 അനുപാതത്തിൽ വകയിരുത്തി നൽകേണ്ടതാണ്. ഈ അനുപാതത്തിൽ തുക കണ്ടെത്തുന്നതിന് കഴിയാത്ത തദ്ദേശഭരണസ്ഥാപനങ്ങളുടെ കാര്യത്തിൽ കുറവ്

പരിഹരിക്കുന്നതിന് മറ്റ് തലങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

2.13.3 മതിയായ വിഹിതം ലഭ്യമാക്കുന്ന കാര്യത്തിൽ ധാരണ ഉണ്ടാക്കുന്നതിനുവേണ്ടി പദ്ധതി രൂപീകരണത്തിന് മുന്നോടിയായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരുടെ യോഗം ജില്ലാ ആസൂത്രണസമിതി വിളിച്ചു ചേർക്കേണ്ടതാണ്.

2.14 **പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ:** പാലിയേറ്റീവ് രംഗത്ത് വിപുലമായ ജനകീയ പ്രസ്ഥാനം കെട്ടിപ്പടുക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾ മുൻകൈ എടുക്കണം. വരുമാനം കണക്കിലെടുക്കാതെ (എപിഎൽ/ബിപിഎൽ വ്യത്യാസമില്ലാതെ) പരിചരണം ആവശ്യമുള്ള എല്ലാ കിടപ്പു രോഗികൾക്കും പരിചരണം ഉറപ്പാക്കും വിധത്തിലുള്ളതായിരിക്കണം ഇടപെടൽ. നിലവിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ ജീവകാരുണ്യ/സന്നദ്ധ സംഘടനകളെയും ഏകോപിപ്പിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരികയും അതിന്റെ അടിസ്ഥാനത്തിൽ സാർവ്വത്രിക പാലിയേറ്റീവ് സേവനം ഉറപ്പ് വരുത്തുകയും ചെയ്യണം.

## 2.15 ശുചിത്വ മാലിന്യ സംസ്കരണം

2.15.1 2018 മുതൽ ശുചിത്വ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കി തദ്ദേശഭരണ സ്ഥാപനങ്ങളെ മാലിന്യ മുക്തമാക്കുന്നതിനുള്ള തീവ്രശ്രമം നടന്നു വരികയാണ്. ഇതിന്റെ ഭാഗമായി സമഗ്ര മാലിന്യ പരിപാലന സംവിധാനമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ എന്ന പദവിയിലേക്ക് അവ വളർന്ന് കഴിഞ്ഞു. എന്നാൽ ഇനിയും ശേഖരണ-സംസ്കരണ സംവിധാനങ്ങൾ പൂർണ്ണമാകാത്ത പ്രത്യേക മാലിന്യങ്ങളുടെ (ഗാർഹിക ബയോ മെഡിക്കൽ മാലിന്യം, സാനിറ്ററി മാലിന്യം, അപകടകരമായ ഇ-മാലിന്യങ്ങൾ, സി & ഡി മാലിന്യം, മുടി മാലിന്യം മുതലായവ) പ്രശ്നം നിലനില്ക്കുന്നുണ്ട്. മാത്രമല്ല നിലവിലുള്ള സംവിധാനങ്ങളിൽ ആധുനിക സംവിധാനങ്ങൾ വേണ്ടത്ര ഉൾച്ചേർക്കാത്ത പ്രശ്നവുമുണ്ട്. കൂടാതെ മലിന ജലത്തിന്റെയും കക്കൂസ് മാലിന്യത്തിന്റെയും സംസ്കരണ സംവിധാനങ്ങളുടെ അഭാവം മുഖ്യ പ്രശ്നമായി നില്ക്കുന്ന ഇടങ്ങളുമുണ്ട്. ഈ പ്രശ്നങ്ങൾക്കും പരിഹാരം കാണേണ്ടതുണ്ട്.

2.15.2 മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ സമ്പൂർണ്ണതയും സുസ്ഥിരതയും ഉറപ്പാക്കുന്നതോടൊപ്പം സർക്കുലർ എക്കണോമിയുടെ അടിസ്ഥാനത്തിൽ വിപുലമായ ഒരു തൊഴിൽ മേഖലയായി മാറ്റാനും കഴിയണം. ശുചിത്വ മാലിന്യ സംസ്കരണ പ്രക്രിയയിലൂടെ സമാഹരിക്കുന്ന ധനവിഭവത്തിൽ നിന്നും ഇതിലേക്കുള്ള ആവർത്തന ചിലവുകൾ കണ്ടെത്താൻ കഴിയുന്ന തരത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഈ രംഗത്തെ പ്രവർത്തനങ്ങളെ മാറ്റിയെടുക്കാൻ കഴിയണം.

2.15.3 സമ്പൂർണ്ണ ശുചിത്വ മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കി ഗ്രാമ പഞ്ചായത്ത്/ നഗരഭരണ സ്ഥാപനങ്ങളെ മാലിന്യമുക്തമാക്കുന്നതിനുള്ള സമഗ്ര പദ്ധതിയുടെ ഭാഗമായി സ്വച്ഛ് ഭാരത് മിഷൻ ഗ്രാന്റ്, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, കെ.എസ്.ഡബ്ല്യൂ.എം.പി ഫണ്ട്, ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളുടെ വിഹിതം തുടങ്ങി എല്ലാ സ്കീമുകളെയും ഗ്രാന്റുകളെയും സംയോജിപ്പിച്ച് ഒറ്റ പദ്ധതിയുടെ ഘടകങ്ങളാക്കി പ്രോജക്ടുകൾക്ക് രൂപം നൽകണം. ആസൂത്രണം, നിർവ്വഹണം, അവലോകനം, റിവ്യൂ എന്നിവയും സംയുക്തമായി നടത്തുന്ന രീതികൾ ബന്ധപ്പെട്ട ഏജൻസികൾ സ്വീകരിക്കണം. ഇതിലൂടെ **ഒ.ഡി.എഫ്.പ്ലസ്.പ്ലസ്** പദവി നേടാൻ കഴിയുന്ന തരത്തിൽ പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടതാണ്.

2.15.4 ശുചിത്വ മാലിന്യ സംസ്കരണ പ്രോജക്ടുകളിലൂടെ പ്രാദേശിക സാമ്പത്തിക വികസനത്തിനും സംരംഭകത്വ വികസനത്തിനും അധിക തൊഴിലവസര സൃഷ്ടിക്കും സഹായകമായ പ്രോജക്ടുകൾ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കേണ്ടതാണ്. ഈ രംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സർക്കാരിന്റെ പ്രത്യേക പുരസ്കാരം നൽകും. അതുപോലെ 100% ഖരമാലിന്യ പരിപാലന സംവിധാനം ഉറപ്പാക്കിയ ഗ്രാമ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും പ്രത്യേക പുരസ്കാരവും നൽകുന്നതാണ്

2.15.5 ഹരിത കർമ്മ സേനയും തദേശഭരണ സ്ഥാപനവും സംയോജിതമായി പ്രവർത്തിക്കുന്നതിലൂടെ EPR (Extended Producer Responsibility) ക്രെഡിറ്റ് നേടുന്നതിന് കഴിയണം. മാത്രമല്ല പുനഃരുപപയോഗ സാധ്യമായ പാത്രങ്ങൾ/ഗ്ലാസ്സുകൾ, പാക്കിംഗ് സാധനങ്ങൾ എന്നിവയുടെ ലഭ്യത ഉറപ്പാക്കൽ, തദേശീയ പുനഃചക്രമണ-ഉല്പന്നങ്ങളുടെ പ്രചാരണം ഉടങ്ങിയവും മാലിന്യ പരിപാലന രംഗത്തെ പ്രവർത്തനത്തിന്റെ ഭാഗമാക്കണം.

2.15.6 മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനോടൊപ്പം മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനുള്ള നടപടികൾ അതിപ്രധാനമാണ്. ഈ രംഗത്ത് നടക്കുന്ന വ്യക്തമായ ഇടപെടൽ പ്രവർത്തനങ്ങളും അവ സംബന്ധിച്ച് കൃത്യമായ സ്ഥിതിവിവരകണക്കുകളും അടിസ്ഥാനമാക്കി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രത്യക അംഗീകാരം നൽകുന്നതാണ്. അജൈവ മാലിന്യം ഉറവിടത്തിൽ തരംതിരിച്ച് കൂടി കലർന്ന മാലിന്യത്തിന്റെ തോത് കുറയ്ക്കുക, പുനഃചക്രമണം സാധ്യമാക്കാവുന്നവയുടെ അളവ് കൂട്ടുക, ജൈവമാലിന്യത്തിൽ നിന്നും കമ്പോസ്റ്റ് വളം, ബയോഗ്യാസ്, ബയോഗ്യാസ് സ്ളറി പ്രയോജനപ്പെടുത്തൽ, നിരോധിത പ്ലാസ്റ്റിക് ഉല്പ്പന്നങ്ങളുടെ വിൽപ്പന പൂർണ്ണമായി നിരോധിക്കുന്നതിന് സ്വീകരിച്ച ക്രിയാത്മക ഇടപെടലുകൾ, പ്രോത്സാഹന നടപടികൾ, പാക്കേജ് രഹിത വിപണന കേന്ദ്രങ്ങൾ, പുനരുപയോഗ സാധ്യമായവ മാത്രം ഉപയോഗിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ, ഗ്രീൻ പ്രോട്ടോകോൾ പ്രകാരം നടക്കുന്ന പൊതു പരിപാടികൾ തുടങ്ങിയവയ്ക്ക് നൽകുന്ന അംഗീകാര നടപടികൾ, ബദൽ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങി വിവിധ പ്രവർത്തനങ്ങളിലൂടെ മാലിന്യ സംസ്കരണ രീതി സുസ്ഥിരമാക്കൻ നടത്തുന്ന പ്രവർത്തനങ്ങൾക്കുള്ള പ്രോജക്റ്റുകളും ഉൾപ്പെടുത്താം. ഈ പ്രവർത്തനങ്ങളുടെ വസ്തുനിഷ്ടമായ സ്ഥിതിവിവരകണക്കുകളെ അടിസ്ഥാനപ്പെടുത്തിയായിരിക്കും പ്രത്യക ഹരിത പുരസ്കാരത്തിനുള്ള ഗ്രാമപഞ്ചായത്തുകളെയും നഗരഭരണ സ്ഥാപനങ്ങളയും തിരഞ്ഞെടുക്കുക.

2.15.7 'മാലിന്യമുക്തം നവകേരളം' ജനകീയ ക്യാമ്പയിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന അവസ്ഥാ വിശകലന റിപ്പോർട്ട്, സോഷ്യൽ ആഡിറ്റ് റിപ്പോർട്ട് തുടങ്ങിയവ വാർഡ്സഭ/ ഗ്രാമസഭ യോഗങ്ങളിൽ അവതരിപ്പിച്ച്, ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് അവശേഷിക്കുന്ന വിടവുകൾ പരിഹരിക്കുന്നതിനാവശ്യമായ പ്രോജക്റ്റുകൾ നിർബന്ധമായും പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇപ്രകാരം പ്രോജക്ടുകൾക്ക് രൂപം നല്കുമ്പോൾ ചുവടെ കൊടുത്തിരിക്കുന്നവയ്ക്ക് ഉയർന്ന പരിഗണന നല്കേണ്ടതാണ്.

(1) ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിനുള്ള പ്രോജക്റ്റുകൾ

(2) ഹരിതകർമ്മസേനയുടെ സംരംഭ പ്രവർത്തനമായി ഇനോകുലം ലഭ്യമാക്കുന്നതിന് / ഉത്പാദിപ്പിക്കുന്നതിന് ആവശ്യമായ പ്രോജക്റ്റുകൾ (ഉറവിടത്തിൽ ജൈവമാലിന്യം സംസ്കരിക്കുന്നവർ നേരിടുന്ന ഒരു പ്രത്യേക വെല്ലുവിളി ഗുണനിലവാരമുള്ള ഇനോക്കുലത്തിന്റെ ലഭ്യതക്കുറവാണ്).

(3) നിലവിലുള്ള പൊതു ജൈവമാലിന്യ സംസ്കരണ സംവിധാനം ആധുനികവത്ക്കരിക്കുന്നതിനും ആകർഷകമാക്കുന്നതിനും സംസ്കരണ ശേഷി ഉയർത്തുന്നതിനും ഓപ്പറേഷൻ ആന്റ് മെയിന്റനൻസിനുമുള്ള പ്രോജക്ടുകൾ.

(4) മിനി എം.സി.എഫ് ഇല്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങളിലെ വാർഡുകളിൽ മിനി എം.സി.എഫ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ടുകൾ (ഇപ്രകാരം നിർമ്മിക്കുന്ന മിനി എം.സി.എഫുകളുടെ വിസ്തൃതി 60 ചതുരശ്ര അടിയിൽ കുറയാൻ പാടില്ല)

(5) പ്രതിദിന വാതിൽപ്പടി ശേഖരണത്തിനായി വാഹനം സൗകര്യം ഒരുക്കുന്നതിനുള്ള ട്രൈ സൈക്കിൾ/ ത്രീ വീലർ/ 4 വീലർ വാഹനങ്ങൾ ലഭ്യമാക്കുന്നതിനുള്ള (വാങ്ങൽ/ വാടകയ്ക്ക്) പ്രോജക്ടുകൾ

(6) തദ്ദേശഭരണ സ്ഥാപനങ്ങളിലുണ്ടാകുന്ന അജൈവ മാലിന്യത്തിന്റെ അളവ് കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യം നിലവിലുള്ള MCF/RRF-കൾക്കില്ലെങ്കിൽ നിലവിലുള്ളവ വിപുലപ്പെടുത്തുന്നതിനും (സ്ഥലം ലഭ്യമാണെങ്കിൽ) ഇല്ലെങ്കിൽ സ്ഥലം അധികമായി കണ്ടെത്തി ഒന്നോ അധിലധികമോ MCF/RRF-കൾ നിർമ്മിക്കുന്നതിനും കണ്ടയിനർ MCFകൾ സ്ഥാപിക്കുന്നതിനുമുള്ള പ്രോജക്ടുകൾ.

(7) നിലവിലുള്ള MCF/RRF-കൾ ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി മികച്ച അടിസ്ഥാന സൗകര്യം, തരംതിരിക്കാനുള്ള കൺവെയർ ബൽറ്റ്, ബെയിലിങ് മെഷീൻ, ഫോർക്ക് ലിഫ്റ്റ്, അഗ്നിസുരക്ഷാ സംവിധാനം, വിശ്രമ മുറി, MCF/RRFലേക്കുള്ള റോഡ് നിർമ്മാണം, വാഹനങ്ങൾ തുടങ്ങിയവയ്ക്കുള്ള പ്രോജക്ടുകൾ.

(8) നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം ഹരിതകർമ്മ സേനയ്ക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ.

(9) ഹരിതകർമ്മസേനയെ ശുചിത്വ മാലിന്യ സംസ്കരണ രംഗത്ത് ബ്രാൻഡ് സംരംഭമായി മാറ്റുന്നതിനാവശ്യമായ പ്രോജക്ടുകൾ.

(10) ഹരിതകർമ്മസേനയക്കാവശ്യമായ സുരക്ഷാ ഉപാധികൾ, യൂണിഫോം പാഴ് വസ്തുക്കൾ സംഭരിക്കുന്നതിനുള്ള ബാഗ്/ചാക്ക്, വാഹനം വാങ്ങൽ തുടങ്ങിയവയ്ക്കുള്ള പ്രോജക്ടുകൾ.

(11) പൊതു സ്ഥലങ്ങളിൽ മാലിന്യ കൂനകൾ, ഡംപ് സൈറ്റുകൾ എന്നിവ ഉണ്ടെങ്കിൽ അവ വൃത്തിയാക്കി മനോഹരമാക്കുന്നതിനുള്ള പ്രോജക്ടുകൾ.

(12) നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ (എം.സി.എഫ്, ആർ.ആർ.എഫ്, പൊതു ജൈവമാലിന്യ സംസ്കരണ യൂണിറ്റുകൾ, ഗാർബേജ് വൾനറബിൾ പോയിൻറ്സ്).

(13) സി ആന്റ് ഡി മാലിന്യം സംഭരിച്ച് സംസ്കരണത്തിനായി കൈമാറുന്നതിന്റെ ഭാഗമായി സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ (ഇതിനാവശ്യമായ സ്ഥലം വാങ്ങൽ ഉൾപ്പെടെ)

(14) എല്ലാ നഗരഭരണ സ്ഥാപനങ്ങളിലും ബ്ലോക്ക് പഞ്ചായത്തുകളിലും (ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ സംയുക്തമായി) സാനിറ്ററി മാലിന്യം സംസ്കരണത്തിനുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിനും, നിലവിലുള്ളടത്ത് ഓപ്പറേഷൻ ആന്റ് മെയിന്റനൻസിനുമുള്ള പ്രോജക്ടുകൾ

(15) നിലവിലെ പൊതു ശുചിത്വ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ഓപ്പറേഷൻ ആന്റ് മെയിന്റനൻസിനുള്ള പ്രോജക്റ്റുകൾ.

(16) അപകടകരമായ മാലിന്യങ്ങൾ, റിജെക്ട് മാലിന്യങ്ങൾ എന്നിവ സംസ്കരിക്കുന്നതിനുള്ള (ക്ലീൻ കേരള കമ്പനിയുടെ നിരക്ക് അടിസ്ഥാനമാക്കി) പ്രോജക്ടുകൾ

(17) ഹരിതകർമ്മസേനയ്ക്കുള്ള യൂസർഫീസ് നല്കുന്നതിൽ നിന്നും തദ്ദേശഭരണ സ്ഥാപനം ഇളവ് നൽകിയിട്ടുള്ള വീടുകളുടെ (അതിദരിദ്രർ, ആശ്രയ) അജൈവ മാലിന്യ ശേഖരണത്തിനുള്ള യൂസർഫീസ് നൽകുന്നതിനുള്ള (ഹരിത മിത്രം അപ്ലിക്കേഷന്റെ അടിസ്ഥാനത്തിൽ) പ്രോജക്റ്റുകൾ.

(18) ഗാർഹിക/സ്ഥാപന തലത്തിൽ ഉറവിട മാലിന്യ സംസ്കരണ ഉപാധികളിലൂടെ ഉല്പ്പാദിപ്പിക്കുന്ന കമ്പോസ്റ്റ് വളം ഗുണനിലവാരം ഉറപ്പാക്കിയ ശേഷം വില നൽകി തിരികെ എടുത്ത് സമ്പുഷ്ടീകരണം നടത്തി തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാർഷിക പ്രോജക്റ്റിന്റെ ഭാഗമായി കർഷകർക്ക് നൽകുന്നതിനുള്ള പ്രോജക്റ്റുകൾ.

(19) ഹരിത സഹായ സ്ഥാപനങ്ങളുടെ സേവനം ആവശ്യമായ തദ്ദേശഭരണ സ്ഥാപനങ്ങളിൽ അതിനുള്ള പ്രോജക്റ്റുകൾ.

(20) തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള മാർക്കറ്റുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഘടക സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ മലിന ജലം സംസ്കരിക്കുന്നതിനുള്ള പ്രോജക്റ്റുകൾ.

(21) ഗാർഹിക മലിനജലം സംസ്കരണത്തിനു വേണ്ടിയുള്ള സോക്ക്പിറ്റ് നിർമ്മാണത്തിനുള്ള പ്രോജക്റ്റുകകൾ ഗ്രാമപഞ്ചായത്തുകൾ MGNREGSലും നഗരഭരണ സ്ഥാപനങ്ങൾ അയ്യങ്കാളി തൊഴിലുറപ്പ് സ്കീമിലും ഏറ്റെടുക്കേണ്ടതാണ്.

(22) കക്കൂസ് മാലിന്യം/ മലിന ജലം സംസ്കരണത്തിനുള്ള പ്രോജക്റ്റുകൾ (STP, FSTP, MTU) – ഇതിന് പ്രഥമ പരിഗണന നൽകേണ്ടതാണ്.

(23) ഡ്രൈനേജ്, മാൻഹോൾ എന്നിവയുടെ ക്ലീനിംഗ് ഡിസ്ലഡ്ജിങ് തുടങ്ങിയ പ്രവർത്തികളിൽ ഏർപ്പെടുന്ന ശുചീകരണ തൊഴിലാളികൾക്ക് സുരക്ഷാ ഉപാധികൾ വാങ്ങൽ, ദ്രവ മാലിന്യ ശുചീകരണ പ്രവർത്തനങ്ങൾ "no touch" ആക്കാൻ ഉതകുന്ന മെഷീനുകൾ വാങ്ങൽ തുടങ്ങിയ പ്രോജക്റ്റുകൾ.

(24) കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിന് ആവശ്യമായ പ്ലാന്റ് (FSTP) നിർമ്മിക്കുന്നതിനുള്ള ഭൂമി വാങ്ങൽ, പ്ലാന്റ് നിർമ്മാണം എന്നിവയ്ക്കുള്ള പ്രോജക്റ്റുകൾ. (നഗരഭരണ സ്ഥാപന തലത്തിലും ബ്ലോക്ക് പഞ്ചായത്ത് തലത്തിലുമാണ് അഭികാമ്യം. ഗ്രാമപ്രദേശങ്ങളിൽ ത്രിതല പഞ്ചായത്തുകൾക്ക് സംയുക്തമായോ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് തനതായോ പ്രോജക്ട് ഏറ്റെടുക്കാം)

(25) മാലിന്യ സംസ്കരണ മേഖലയിലെ പ്രവർത്തനങ്ങൾ സർക്കാർ അംഗീകൃത ഡിജിറ്റലൈസ്ഡ് മോണിറ്റർ സംവിധാനം സജ്ജമാക്കുന്നതിനുള്ള പ്രോജക്റ്റുകൾ.

(26) കേരളാ ഖര മാലിന്യ പരിപാലന പദ്ധതിയുടെ (KSWMP) സഹായത്തോടെ തയ്യാറാക്കി നല്കുന്ന SWM പ്ലാനുകൾ പ്രകാരമുള്ള മാലിന്യ സംസ്കരണ പ്രോജക്ടുകൾ നഗരഭരണ സ്ഥാപനങ്ങൾ അവയുടെ വാർഷിക പദ്ധതിയിൽ ഏറ്റെടുക്കേണ്ടതാണ്. നഗരഭരണ സ്ഥാപനങ്ങളുടെ അന്തിമ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതികൾ

അംഗീകാരം നല്കുമ്പോൾ SWM പ്ലാനിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരമാണ് പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളതെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

(27) മാലിന്യ സംസ്കരണത്തിന്റെ സമ്പൂർണ്ണതയും സുസ്ഥിരതയും ഉറപ്പാക്കുന്നതിൽ ജനങ്ങളുടെ മനോഭാവത്തിലും ശീലത്തിലും മാറ്റം വരേണ്ടതുണ്ട്. ആയതിനായി ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിനും വിവര വിജ്ഞാന വ്യാപന നൈപുണ്യ ശേഷി വികസന പരിപാടികൾ ബദൽ ഉല്പ്പന്നങ്ങളുടെ പ്രചാരണം, മികച്ച മാതൃകകൾക്ക് അംഗീകാരം തുടങ്ങിയവയ്ക്ക് വ്യക്തമായ പ്രോജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഗ്രാമ പഞ്ചായത്തുകൾ പരമാവധി 2 ലക്ഷം രൂപയും, മുൻസിപ്പാലിറ്റികൾ പരമാവധി 5 ലക്ഷം രൂപയും കോർപ്പറേഷനുകൾ പരമാവധി 10 ലക്ഷം രൂപയും വകയിരുത്തേണ്ടതാണ്.

(28) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഘടക സ്ഥാപനങ്ങളിലും സർക്കാർ നിയന്ത്രണ ത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനം എർപ്പെടുത്തുന്നതിനുള്ള പ്രോജക്റ്റുകൾ പദ്ധതിയുടെ ഭാഗമാക്കാവുന്നതാണ്. ഇതിനായി വിവിധ ധന സ്രോതസ്സുകളുടെ സംയോജന സാധ്യതകൾ പ്രയോജനപ്പെടു ത്തേണ്ടതാണ്.

2.15.8 തദ്ദേശഭരണ സ്ഥാപന പ്രദേശത്തുണ്ടാകുന്ന എല്ലാ ജൈവ/അജൈവ ഖരമാലിന്യങ്ങളും പൊതു സ്ഥലങ്ങളിലോ സ്വകാര്യ സ്ഥലങ്ങളിലോ നിരത്തുകളിലോ വലിച്ചെറിയുന്നില്ലെന്നും ആയത് സംസ്കരിക്കുന്നതിനുള്ള എല്ലാ സംവിധാനങ്ങളും നടപ്പിലാക്കിയിട്ടുണ്ടെന്നും എല്ലാ ഗ്രാമ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും ഈ ഘട്ടത്തിൽ ഉറപ്പാക്കേണ്ടതാണ്. ഇത് സംബന്ധിച്ചുള്ള തൽസ്ഥിതി റിപ്പോർട്ട് എല്ലാ ഗ്രാമ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും തയ്യാറാക്കേണ്ടതും സംവിധാനങ്ങൾ പൂർണ്ണമല്ലെങ്കിൽ പൂർണ്ണമാക്കുന്നതിന് ആവശ്യമായ പ്രോജക്ടുകൾ 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളേണ്ടതും തീരുമാനത്തിന്റെ പകർപ്പും ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ടുകളുടെ പട്ടികയും വാർഷിക പദ്ധതി സമർപ്പിക്കുന്നതിനൊപ്പം സുലേഖ സോഫ്റ്റ് വെയറിലൂടെ ജില്ലാ ആസൂത്രണ സമിതിക്ക് നല്കേണ്ടതുമാണ്.

2.15.9 ജില്ലാ ശുചിത്വ മിഷൻ, ഓരോ ഗ്രാമ പഞ്ചായത്തിലും നഗരഭരണ സ്ഥാപന പ്രദേശത്തും ഉണ്ടാകുന്ന മാലിന്യത്തിന്റെ അളവിനെ അടിസ്ഥാനപ്പെടുത്തി അവയുടെ സമ്പൂർണ്ണ ശേഖരണ-സംസ്കരണ സംവിധാനം ഉണ്ടാക്കിയിട്ടുണ്ടോ എന്നും അവ പ്രവർത്തിക്കുന്നുണ്ടോ എന്നും വിലയിരുത്തേണ്ടതും വിടവ് ഉണ്ടെങ്കിൽ പ്രസ്തുത വിടവ് പരിഹരിക്കാൻ ആവശ്യമായ സംവിധാനങ്ങൾ നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനും ഉള്ള പ്രോജക്ടുകൾ ഏതൊക്കെയെന്നത് സംബന്ധിച്ച റിപ്പോർട്ട് ജില്ലാ ആസൂത്രണ സമിതിക്ക് നൽകേണ്ടതുമാണ്.

2.15.10 ഖണ്ഡിക 2.15.8, 2.15.9 എന്നിവയിലെ റിപ്പോർട്ടുകൾ ജില്ലാ ആസൂത്രണ സമിതി ചർച്ച ചെയ്യേണ്ടതും വിടവ് പരിഹരിക്കാൻ ആവശ്യമായ സംവിധാനങ്ങൾ നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനും ഉള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ അവ കൂടി ഉൾപ്പെടുത്തി വർഷിക പദ്ധതി പുനസമർപ്പിക്കാൻ ജില്ലാ ആസൂത്രണ സമിതി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളോട് അവശ്യപ്പെടേണ്ടതുമാണ്.

2.16 ഹാപ്പിനസ് പാർക്കുകൾ*:* ഹാപ്പിനസ് പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ കുറഞ്ഞത് ഒന്ന് വീതം ഹാപ്പിനസ്സ് പാർക്കുകൾ

എന്നതാണ് ലക്ഷ്യം. വിശദമായ മാർഗനിർദേശങ്ങൾ സ.ഉ.(കൈ)നം. 198/2023/തസ്വഭവ; തീയതി 13.11.2023 ഉത്തരവിന്റെ ഖണ്ഡിക 12 ൽ നല്കിയിട്ടുണ്ട്.

2.17 ഫിറ്റ്നസ് കേരള എന്ന ലക്ഷ്യത്തിലേക്ക് ജനങ്ങളെ എത്തിക്കുന്നതിന് ഓപ്പൺ ജിം പ്രോജക്ടുകൾ ലഭ്യമായ സ്ഥലവും കെട്ടിടങ്ങളും ഉപയോഗപ്പെടുത്തി ആരംഭിക്കേണ്ടതാണ്. ഇതിന്റെ പരിപാലനത്തിനുള്ള സൗകര്യവും ഏർപ്പാടാക്കേണ്ടതാണ്. ഹാപ്പിനസ് പാർക്കുകളുടെ ഭാഗമായും ഇവ നിർമ്മിക്കാവുന്നതാണ്. ഓപ്പൺ ജിംനേഷ്യത്തിന്റെ വിശദാംശങ്ങൾ സ.ഉ.(കൈ)നം.115/2022/ തസ്വഭവ തീയതി 28.05.2022 പ്രകാരമുള്ള മാർഗരേഖയുടെ ഖണ്ഡിക 7.7.5 ൽ വ്യക്തമാക്കിയിട്ടുണ്ട്.

## 3. ഗ്രാമ ദാരിദ്ര്യ ലഘൂകരണ പദ്ധതിയും നഗര ദാരിദ്ര്യ ലഘൂകരണ പദ്ധതിയും

3.1 അയൽക്കൂട്ടങ്ങളിൽ നിന്നും വികസന ആവശ്യങ്ങൾ ശേഖരിച്ചശേഷം അവ വാർഡ് തലത്തിലും തുടർന്ന് ഗ്രാമപഞ്ചായത്ത് തലത്തിലും ക്രോഡീകരിച്ച് ഗ്രാമ ദാരിദ്ര്യ ലഘൂകരണ പദ്ധതി (Village Poverty Reduction Plan) എല്ലാ വർഷവും കുടുംബശ്രീയുടെ നേതൃത്വത്തിൽ തയ്യാറാക്കുന്നുണ്ട്. ഇതുപോലെ നഗര ദാരിദ്ര്യ ലഘൂകരണ പദ്ധതിയും (Urban Poverty Reduction Plan) കുടുംബശ്രീയുടെ നേതൃത്വത്തിൽ തയ്യാറാക്കുന്നുണ്ട്. 2025-26ലേയ്ക്കുള്ള ഗ്രാമ ദാരിദ്ര്യ ലഘൂകരണ പദ്ധതിയും നഗര ദാരിദ്ര്യ ലഘൂകരണ പദ്ധതിയും തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നു വരികയാണ്. ഇങ്ങനെ രൂപപ്പെടുന്ന ദാരിദ്ര്യ ലഘൂകരണ പദ്ധതികൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി രൂപീകരണത്തിൽ അർഹമായ പരിഗണന നൽകി വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണ്.

3.2 ദാരിദ്ര്യ ലഘൂകരണ പദ്ധതികളിലെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ടാകണം വർക്കിംഗ് ഗ്രൂപ്പുകൾ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത്. വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ചേരുന്ന ഗ്രാമ/വാർഡ് സഭകളിലും വികസന സെമിനാറിലും ദാരിദ്ര്യ ലഘൂകരണ പദ്ധതികൾ അവതരിപ്പിച്ച് ചർച്ചയ്ക്ക് വിധേയമാക്കണം. ദാരിദ്ര്യ ലഘൂകരണ പദ്ധതികൾ തദ്ദേശഭരണ സ്ഥാപാനങ്ങളുടെ വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ ഡി.എ1/326/2023/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

## 4. വാർഷിക പദ്ധതി അടങ്കൽ

4.1 പൊതുവിഭാഗം വികസനഫണ്ട്, പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി, റോഡിതര മെയിന്റനൻസ് ഫണ്ട്, റോഡ് മെയിന്റനൻസ് ഫണ്ട് എന്നിവയുടെ കാര്യത്തിൽ 2024-25-ലെ വിഹിതത്തിന് തുല്യമായ തുകയ്ക്ക് 2025-26-ലെ വികസന പദ്ധതികൾ തയ്യാറാക്കാവുന്നതാണ്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ കാര്യത്തിൽ സുലേഖയിൽ ഉൾപ്പെടുത്തി നൽകുന്ന താൽക്കാലിക വിഹിതത്തെ അടിസ്ഥാനമാക്കി പദ്ധതി തയ്യാറാക്കണം. അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് വാർഷിക പദ്ധതി പരിഷ്കരിക്കുമ്പോൾ ബജറ്റ് വിഹിതത്തിന് അനുസൃതമായി വാർഷിക പദ്ധതി പുനഃക്രമീകരിക്കാവുന്നതാണ്.

4.2 നടപ്പ് വാർഷിക പദ്ധതിയിൽ (2024-25) നിർവ്വഹണം നടത്തിവരുന്ന പ്രോജക്ടുകളിൽ ഈ സാമ്പത്തിക വർഷം പൂർത്തിയാക്കാൻ കഴിയാത്ത പ്രോജക്ടുകളുടെ (സ്പിൽഓവർ പ്രോജക്ടുകൾ) യഥാർത്ഥ ചിത്രം മാർച്ച് 31 കഴിഞ്ഞാൽ മാത്രമേ വ്യക്തമാകുകയുള്ളൂ. എന്നിരുന്നാലും അടുത്ത വർഷം ലഭിക്കാവുന്ന ക്യാരിഓവർ തുകയ്ക്ക് ഉപരിയായി സ്പിൽഓവർ ബാധ്യത ഉണ്ടാകുമെന്ന് തദ്ദേശഭരണ സ്ഥാപനം മുൻകൂട്ടി കാണുന്നുവെങ്കിൽ അതിനായി 2025-26-ലെ വാർഷിക

പദ്ധതി രൂപീകരിക്കുന്ന സമയത്ത് തന്നെ ഒരു നിശ്ചിത തുക, പരമാവധി 20 ശതമാനം വരെ, സ്പിൽഓവർ പ്രോജക്ടുകൾക്കായി മാറ്റി വെയ്ക്കാവുന്നതാണ്. എല്ലാ വിഭാഗത്തിലും ഇപ്രകാരം നിശ്ചിത തുക പ്രത്യേകം മാറ്റി വയ്ക്കുന്നതിനുള്ള സൗകര്യം സുലേഖ സോഫ്റ്റ് വെയറിൽ ഉണ്ടായിരിക്കുന്നതാണ്. ഇങ്ങനെ ഒരു നിശ്ചിത തുക സ്പിൽഓവർ പ്രോജക്ടുകൾക്ക് വേണ്ടി ഇപ്പോൾതന്നെ മാറ്റി വയ്ക്കുകയാണെങ്കിൽ അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ പുതിയ പ്രോജക്ടുകൾ ഉപേക്ഷിച്ച് സ്പിൽഓവർ പ്രോജക്ടുകൾക്ക് വിഹിതം കണ്ടെത്തേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കാൻ കഴിയും.

**5. പങ്കാളിത്തം വർദ്ധിപ്പിക്കൽ**

പദ്ധതി ആസൂത്രണ പ്രക്രിയയിൽ പൊതുജനങ്ങളുടെയും വിദഗ്ധരുടെയും പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് കാര്യമായ പരിശ്രമം ഉണ്ടാകണം. പൊതുകാര്യങ്ങളിൽ താല്പര്യമെടുക്കുന്നവരെയും വിദഗ്ധരെയും കണ്ടെത്തി ആസൂത്രണസമിതിയിലും വർക്കിംഗ് ഗ്രൂപ്പുകളിലും ഉൾപ്പെടുത്തേണ്ടതാണ്. പങ്കാളിത്ത വേദികളായ ഗ്രാമസഭകളിലും വാർഡ്സഭകളിലും പരമാവധി പങ്കാളിത്തം ഉറപ്പാക്കണം.

**6. പ്രോജക്ടുകളുടെ വിവരങ്ങൾ *ഇ-ഗ്രാംസ്വരാജ്* പോർട്ടലിൽ രേഖപ്പെടുത്തൽ**

ദേശീയ, സംസ്ഥാന, ജില്ലാ തലങ്ങളിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ലക്ഷ്യങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പ്രാദേശിക തലത്തിൽ രൂപം നല്കുന്ന വികസന പദ്ധതികളിൽ നിന്നും കേന്ദ്ര സർക്കാർ ഇപ്പോൾ നിഷ്കർഷിക്കുന്ന പ്രകാരമുള്ള പ്രോജക്ടുകൾ തെരഞ്ഞെടുത്ത് *ഇ-ഗ്രാംസ്വരാജ്* പോർട്ടലിൽ ഉൾപ്പെടുത്തേണ്ടതാണ്.

**7. അവസ്ഥാ രേഖ പരിഷ്കരിക്കൽ**

7.1 ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനഃസംഘടിപ്പിക്കേണ്ടതുണ്ടെങ്കിൽ അത് നവംബർ 30-നകം പൂർത്തിയാക്കേണ്ടതാണ്. ഇവ പുനസംഘടിപ്പിച്ച് കഴിഞ്ഞാൽ, പതിനാലാം പഞ്ചവൽസര പദ്ധതിയുടെ തുടക്കത്തിൽ ഓരോ മേഖലയ്ക്കും തയ്യാറാക്കിയതും 2024-25 വാർഷിക പദ്ധതി രൂപീകരണത്തിന് മുന്നോടിയായി പുതുക്കിയതുമായ അവസ്ഥാരേഖകൾ (Status Reports) വർക്കിംഗ് ഗ്രൂപ്പുകളുടെ ആഭിമുഖ്യത്തിൽ കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്. പുതിയ സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാണെങ്കിൽ അവ ഉൾപ്പെടുത്തണം. അവസ്ഥാരേഖയ്ക്ക് താഴെ പറയുന്ന പ്രകാരം നാല് അദ്ധ്യായങ്ങൾ ആകാവുന്നതാണ്.

(i) നിലവിലുള്ള അവസ്ഥ

(ii) വികസനത്തിലെ നിലവിലുള്ള വിടവുകൾ, പ്രധാന വെല്ലുവിളികൾ, പ്രശ്നങ്ങളും കാരണങ്ങളും പരിഹാരമാർഗങ്ങളും കണ്ടെത്തുന്നതിനുള്ള പ്രശ്ന വിശകലനം

(iii) 2025-26ലെ വികസന ലക്ഷ്യങ്ങളും അവ കൈവരിക്കുന്നതിനുള്ള തന്ത്രങ്ങളും

(iv) സംയോജന സാധ്യതകൾ

7.2 അവസ്ഥാ രേഖ പരിഷ്ക്കരിക്കുമ്പോൾ പതിനാലാം പഞ്ചവല്സര പദ്ധതിയിൽ ആദ്യ രണ്ട് വർഷങ്ങളിൽ കൈവരിച്ച (2022-23, 2023-24) ഭൗതിക നേട്ടങ്ങളും മൂന്നാം വർഷം (2024-25) പ്രതീക്ഷിക്കുന്ന നേട്ടങ്ങളും 2025-26ൽ ലക്ഷ്യമിടുന്ന നേട്ടങ്ങളും കൃത്യതയോടെ നിർവചിക്കണം. പരിഷ്കരിച്ച അവസ്ഥാ രേഖയെ അടിസ്ഥാനമാക്കി വർക്കിംഗ് ഗ്രൂപ്പുകൾ അടുത്ത വർഷത്തേയ്ക്കുള്ള കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതാണ്. [പ്രശ്ന വിശകലനത്തിന് സ.ഉ.(കൈ)നം.84/ 2022/തസ്വഭവ; തീയതി 19.04.2022, സ.ഉ.(കൈ)നം.86/2022/ തസ്വഭവ;

തീയതി 19.04.2022 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകളുടെ അനുബന്ധമായി നൽകിയിട്ടുള്ള ഫോറം 3-ഉം വികസനലക്ഷ്യങ്ങളും തയ്യാറാക്കുന്നതിന് ഈ ഉത്തരവിന്റെ അനുബന്ധത്തിൽ നൽകിയിട്ടുള്ള ഫോറം എയും ഉപയോഗിക്കാവുന്നതാണ്. മുൻ വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകൾ, തൻ വർഷം അവലോകനം നടത്തുന്നതുവരെ നടപ്പിലാക്കിയ/ നടപ്പിലാക്കി വരുന്ന പ്രോജക്ടുകൾ, അടുത്ത വർഷത്തെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരാമർശം 1, 2 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകളുടെ ഫോറം 4 ലും ഫോറം 5 ലും ഫോറം 6 ലും യഥാക്രമം തയ്യാറാക്കേണ്ടതാണ്].

## 8. സമയക്രമം

2025-26 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള സമയക്രമം ചുവടെ നൽകുന്നു. പ്രധാനഘട്ടങ്ങൾ പൂർത്തിയാക്കുന്നതിനുള്ള അവസാന തീയതികളാണ് നൽകിയിട്ടുള്ളത്. തീയതികളിൽ അനുയോജ്യമായ മാറ്റങ്ങൾ ആകാമെങ്കിലും വാർഷിക പദ്ധതി സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാന തീയതി എന്ന നിബന്ധന നിർബന്ധമായും പാലിക്കേണ്ടതാണ്.

| ക്രമ നം. | പ്രവർത്തനം | | പൂർത്തിയാക്കേണ്ട അവസാന തീയതി |
|---|---|---|---|
| 1 | എല്ലാ തലത്തിലെയും തദ്ദേശ ഭരണ സ്ഥാപനങ്ങൾ ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനഃസംഘടിപ്പിക്കൽ | : | 2024 നവംബർ 30 |
| 2 | അവസ്ഥാരേഖ പരിഷ്കരിക്കൽ | : | 2024 ഡിസംബർ 06 |
| 3 | ജില്ലാതല മുൻഗണനകൾ നിശ്ചയിച്ച് ഡി.പി.സി. തലത്തിൽ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കൽ | : | 2024 ഡിസംബർ 06 |
| 4 | സംയോജന സാദ്ധ്യതകൾ ചർച്ച ചെയ്യുന്നതിനുള്ള തദ്ദേശ സ്ഥാപനതല ആസൂത്രണ സമിതിയുടേയും വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാരുടെയും പ്രത്യേക യോഗം | : | 2024 ഡിസംബർ 09 |
| 5 | എല്ലാ തലത്തിലെയും തദ്ദേശ ഭരണ സ്ഥാപനങ്ങൾ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കൽ | : | 2024 ഡിസംബർ 13 |
| 6 | ബ്ലോക്ക് പഞ്ചായത്തും ഗ്രാമ പഞ്ചായത്തുകളും ചേർന്ന് നടപ്പാക്കുന്ന സംയുക്ത പ്രോജക്റ്റുകൾക്കും സംയോജിത പ്രോജക്റ്റുകൾക്കും രൂപം നൽകാൻ ബ്ലോക്ക് പഞ്ചായത്ത് വിളിച്ച് ചേർക്കുന്ന യോഗം | : | 2024 ഡിസംബർ 16 |
| 7 | ജില്ലാ തലത്തിലെ സംയുക്ത പ്രോജക്റ്റുകൾക്കും സംയോജിത പ്രോജക്റ്റുകൾക്കും അന്തിമ രൂപം നൽകാൻ ജില്ലാ ആസൂത്രണ സമിതി വിളിച്ചു ചേർക്കുന്ന യോഗം | : | 2024 ഡിസംബർ 18 |
| 8 | ഗ്രാമ/വാർഡ് സഭാ യോഗങ്ങൾക്ക് മുമ്പുള്ള കൂടിയാലോചനകൾ | : | 2024 ഡിസംബർ 28 |
| 9 | ഗ്രാമ/വാർഡ് സഭാ യോഗങ്ങൾ | : | 2024 ഡിസംബർ 30– 2025 ജനുവരി 10 |
| 10 | ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും കരട് വാർഷിക പദ്ധതി രേഖ തയ്യാറാക്കൽ | : | 2025 ജനുവരി 14 |
| 11 | ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും വികസന സെമിനാർ | : | 2025 ജനുവരി 16 |

| ക്രമ നം. | പ്രവർത്തനം | | പൂർത്തിയാക്കേണ്ട അവസാന തീയതി |
|---|---|---|---|
| 12 | ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകൽ | : | 2025 ജനുവരി 18 |
| 13 | ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും പ്രോജക്ടുകൾ *സുലേഖ* സോഫ്റ്റ് വെയറിൽ തയ്യാറാക്കൽ | : | 2025 ജനുവരി 22 |
| 14 | ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും വാർഷിക പദ്ധതിക്ക് ഭരണ സമിതിയുടെ അംഗീകാരം | : | 2025 ജനുവരി 23 |
| 15 | ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും വാർഷിക പദ്ധതി സമർപ്പണം | : | 2025 ജനുവരി 24 |
| 16 | ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം | : | 2025 ജനുവരി 29 |
| 17 | കേന്ദ്ര സർക്കാരിന്റെ *ഇ-ഗ്രാംസ്വരാജ്* പോർട്ടിലിൽ ഗ്രാമ പഞ്ചായത്തുകളുടെ പ്രോജക്ടുകൾ അപ് ലോഡ് ചെയ്യൽ | : | 2025 ജനുവരി 31 |
| | **ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾ** | | |
| 18 | ബ്ലോക്ക് പഞ്ചായത്തുകളിൽ ഗ്രാമസഭയ്ക്ക് സമാനമായ യോഗം ചേരൽ | : | 2025 ജനുവരി 20 |
| 19 | ബ്ലോക്ക് പഞ്ചായത്തുകളുടെ കരട് വാർഷിക പദ്ധതി രേഖ തയ്യാറാക്കൽ | : | 2025 ജനുവരി 25 |
| 20 | ബ്ലോക്ക് പഞ്ചായത്തുകളുടെ വികസന സെമിനാർ | : | 2025 ജനുവരി 29 |
| 21 | ജില്ലാ പഞ്ചായത്തുകളിൽ ഗ്രാമസഭയ്ക്ക് സമാനമായ യോഗം ചേരൽ | : | 2025 ജനുവരി 31 |
| 22 | ജില്ലാ പഞ്ചായത്തുകളുടെ കരട് വാർഷിക പദ്ധതി രേഖ തയ്യാറാക്കൽ | : | 2025 ഫെബ്രുവരി 06 |
| 23 | ജില്ലാ പഞ്ചായത്തുകളുടെ വികസന സെമിനാർ | : | 2025 ഫെബ്രുവരി 10 |
| 24 | ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകൽ | : | 2025 ഫെബ്രുവരി 13 |
| 25 | ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ പ്രോജക്ടുകൾ *സുലേഖ* സോഫ്റ്റ് വെയറിൽ തയ്യാറാക്കൽ | : | 2025 ഫെബ്രുവരി 20 |
| 26 | ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിക്ക് ഭരണ സമിതിയുടെ അംഗീകാരം | : | 2025 ഫെബ്രുവരി 22 |
| 27 | ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി സമർപ്പണം | : | 2025 ഫെബ്രുവരി 24 |
| 28 | ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം | : | 2025 മാർച്ച് 01 |
| 29 | കേന്ദ്ര സർക്കാരിന്റെ *ഇ-ഗ്രാംസ്വരാജ്* പോർട്ടിലിൽ പ്രോജക്ടുകൾ അപ് ലോഡ് ചെയ്യൽ | : | 2025 മാർച്ച് 05 |
| 30 | ഗ്രാമ ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ അംഗീകരിച്ച വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കൽ | : | 2025 മാർച്ച് 07 |

*****

ഫോറം എ

# പതിനാലാം പഞ്ചവൽസര പദ്ധതി

## 2025-26 വാർഷിക പദ്ധതി

വികസന പരിപ്രേക്ഷ്യം/ലക്ഷ്യങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്............................................ വർക്കിംഗ് ഗ്രൂപ്പിന്റെ പേര്....................................................

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം (വികസന കാഴ്ചപ്പാട്) | സൂചിക | 2022-ലെ അവസ്ഥ | 2027 ലെ ലക്ഷ്യം (പതിനാലാം പഞ്ചവൽസര പദ്ധതിയുടെ തുടക്കത്തിൽ നിശ്ചയിച്ചത്) | 2022-23ൽ കൈവരിച്ച നേട്ടം | 2023-24ൽ കൈവരിച്ച നേട്ടം | 2024-25 ൽ പ്രതീക്ഷിക്കുന്ന നേട്ടം | 2025-26 ലെ ലക്ഷ്യം | 2025-26 ലെ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | 1.<br>2.<br>etc |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |

സ്ഥലം :
തീയതി :

ഒപ്പ്:
പേര്:
കൺവീനർ
---------------------വർക്കിംഗ് ഗ്രൂപ്പ്

കുറിപ്പ് :- കാർഷിക മേഖലയിലെ ഒരു ഉദാഹരണം ചുവടെ നൽകുന്നു.
പരിപ്രേക്ഷ്യം: നെല്ലുല്പാദനത്തിൽ വർദ്ധനവ്
സൂചിക : നെൽവിളകളുടെ വിസ്തൃതി (ഹെക്ടർ)
2022-ലെ അവസ്ഥ : 10 ഹെക്ടർ
പതിനാലാം പദ്ധതിയിലെ (2027ലെ) ലക്ഷ്യം: 30 ഹെക്ടർ